## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4528** **21/03/2018-ൽ മറുപടിക്ക്**

### ഹോമിയോ മെഡിക്കൽ ഓഫീസർ തസ്തിക

**ചോദ്യം**
ശ്രീ.കെ.എസ്.ശബരീനാഥൻ

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഹോമിയോ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; ഈ റാങ്ക് ലിസ്റ്റ് എന്ന് നിലവിൽ വന്നു; എത്ര പേരെ നിയമിച്ചിട്ടുണ്ട്; കഴിഞ്ഞ തവണത്തെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെയാണ് നിയമിച്ചതെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. 03.08.2015-ന് നിലവിൽ വന്ന ഹോമിയോ മെഡിക്കൽ ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും 172 പേർക്കും കഴിഞ്ഞ തവണത്തെ റാങ്ക് ലിസ്റ്റിൽ നിന്നും 369 പേർക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ ഈ തസ്തികയിൽ ഒഴിവുകൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; പി.ജി. പഠനത്തിനും എം.ബി.ബി.എസ് പഠനത്തിനും പോയവരുടെയും എൻ. ജെ. ഡി. ഒഴിവുകളും പി.എസ്.സി -ക്ക് നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) | ഉണ്ട്. പി.ജി. പഠനത്തിനും എം.ബി.ബി.എസ്. പഠനത്തിനും പോയവരുടെയും എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെയുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഹോമിയോ മെഡിക്കൽ ഓഫീസർമാരുടെ സ്ഥാനക്കയറ്റ പോസ്റ്റായ സി.എം.ഒ. പോസ്റ്റുകൾ കാലങ്ങളായി ഡി.പി.സി വിളിക്കാത്തതിനാൽ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥാനക്കയറ്റം നൽകുന്നതിലൂടെ ഉണ്ടാകുന്ന മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ നിയമനത്തിനായി ഉടൻ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡി.പി.സി. യഥാസമയം കൂടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.